പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 04.02.2014-ൽ മറുപടി

ചോദ്യം നം : 414 — നൽകേണ്ടത്

## വ്യാജരേഖ ചമച്ച് ഹാരിസൺ മലയാളം ലിമിറ്റഡ് ഭൂമി കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം<br>,, വി. ശിവൻകുട്ടി<br>,, ബി. ഡി. ദേവസ്സി<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ മന്ത്രി) |
| (എ) വ്യാജരേഖ ചമച്ച് ഹാരിസൺ മലയാളം ലിമിറ്റഡ് ഭൂമി കയ്യേറിയതും വില്പന നടത്തിയതും സംബന്ധിച്ച് ഇതിനകം ഉന്നയിക്കപ്പെട്ട എന്തെല്ലാം ആക്ഷേപങ്ങളാണ് വിജിലൻസ് റിപ്പോർട്ടിലൂടെ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) വിജിലൻസ് പ്രാഥമികാന്വേഷണ റിപ്പോർട്ടിൽ സ്ഥിരീകരിച്ച ആക്ഷേപങ്ങൾ ചുവടെ ചേർക്കുന്നു :-<br>(i) കൊല്ലം സബ് രജിസ്റ്റാർ ആഫീസിലെ 1600/1923 നമ്പർ ആധാരവുമായി ബന്ധപ്പെട്ട് വ്യാജ രേഖകൾ ചമച്ച് സർക്കാർ ഭൂമി ഹാരിസൺ മലയാളം ലിമിറ്റഡ് കൈവശപ്പെടുത്തിയിട്ടുണ്ട്.<br>(ii) ചെങ്കൽപേട്ട് സബ് രജിസ്റ്റാർ ആഫീസിലെ 2804/1923, 2805/1923 നമ്പർ ആധാരങ്ങൾ പ്രകാരം 50,000 ഏക്കർ സർക്കാർ ഭൂമി ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശപ്പെടുത്തിയിട്ടുണ്ട്.<br>(iii) ട്രാവൻകൂർ റബ്ബർ ആന്റ് ടി കമ്പനി, ട്രാവൻകൂർ ടി എസ്റ്റേറ്റ് കമ്പനി, വുഡ് ലാന്റ് ടി എസ്റ്റേറ്റ് കമ്പനി, ശ്രീവർദ്ധൻ ട്രസ്റ്റ്, |

പെനിൻസുലാർ പ്ലാന്റേഷൻ കമ്പനി എന്നീ അഞ്ച് കമ്പനികൾ 1963-ലെ കെ.എൽ.ആർ നിയമ പ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ച് 30,000 ഏക്കർ ഭൂമിയും ശ്രീ. മുഹമ്മദാലി എന്നയാൾ 50,000 ഏക്കറും അനധികൃതമായി കൈവശം വച്ചിട്ടുണ്ട്.

(ബി) വസ്തുതകളും കേസുകളും മറച്ചുവച്ച് ഏതെല്ലാം എസ്റ്റേറ്റുകൾ ഇതിനകം വില്പന നടത്തിയതായി തെളിഞ്ഞിട്ടുണ്ട് ;

(ബി) M/s. ഹാരിസൺ മലയാളം ലിമിറ്റഡ് അനധികൃതമായി വില്പന നടത്തിയതായി കണ്ടെത്തിയിട്ടുള്ള എസ്റ്റേറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു :-

| ക്രമ നം. | ജില്ല | വില്ലേജ് | എസ്റ്റേറ്റുകൾ | വിസ്തീർണ്ണം (ഏക്കറിൽ) |
|---|---|---|---|---|
| 1. | കൊല്ലം | തെന്മല, ആര്യങ്കാവ് | അമ്പനാട്ട് തുടങ്ങിയവ | 2699.96 |
| 2. | കൊല്ലം | തെന്മല | തെന്മല | 206.50 |
| 3. | കൊല്ലം | ആര്യങ്കാവ് | ------ | 707.11 |
| 4. | കോട്ടയം | എരുമേലി തെക്ക് മണിമല | ചെറുവള്ളി | 2259.59 |
| 5. | ഇടുക്കി | കൊക്കയാർ | ബോയ്സ് & പെരുവന്താനം | 1666.04 |
| 6. | ഇടുക്കി | ശാന്തൻപാറ | ശൂഡംപാറ | 592.83 |
| 7. | വയനാട് | തൃക്കൈപ്പറ്റ | ---- | 403.00 |

( സി) വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലു കളുടെയും ശുപാർശകളുടെയും അടി സ്ഥാനത്തിൽ എന്തെല്ലാം തുടർനടപടി സ്വീക രിക്കുകയുണ്ടായി?

(സി) രജിസ്ട്രേഷൻ വകുപ്പിലെ നാല് ഉദ്യോഗസ്ഥരും ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയിലെ നാല് പ്രതിനിധി കളും ഉൾപ്പെടെ 8 പേർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം 13(1)(ഡി)13(2) പ്രകാരം വിജിലൻസ് കേസ് തിരുവനന്ത പുരം പ്രത്യേക അന്വേഷണ യൂണിറ്റ് 2- ൽ 1.11.2013-ൽ വി.സി.9/13/എസ്.ഐ.യു.II നമ്പരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 1957 ഭൂസംരക്ഷണ നിയമ പ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന തായി കണ്ടെത്തിയ 41,000 ഏക്കർ ഭൂമി തിരിച്ചുപിടിക്കുന്നതിനുവേണ്ട നടപടികൾ ക്കും ശുപാർശ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ